ഐ.ഡി.ബി. യിൽനിന്നും കെ.എഫ്.സി. എടുക്കുന്ന വായ്പ

20. [1799] ശ്രീ. പാലോട് രവി :
,, ഒ. ഭരതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ ഐ.ഡി.ബി.ഐ. യിൽ നിന്നും എടുക്കുന്ന വായ്പയുടെ പലിശ നിരക്ക് എത്രയാണ് ;

(ബി) വായ്പ തുക മടക്കിക്കൊടുക്കേണ്ട കാലാവധി എത്രയാണ് ;

(സി) വായ്പത്തുക യഥാകാലം മടക്കിക്കൊടുക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു തുക കുടിശ്ശികയായിട്ടുണ്ടെന്നും എന്നുമുതലാണ് കുടിശ്ശികയായതെന്നും വെളിപ്പെടുത്തുമോ ;

(ഡി) കുടിശ്ശിക ഈടാക്കുന്നതിന് കെ. എഫ്. സി. യുടെ പേരിൽ ഐ.ഡി.ബി.ഐ. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോഴത്തെ പലിശ നിരക്ക് 16.5% ആണ്.

(ബി) വിവിധ വിഭാഗങ്ങളിലുള്ള യൂണിറ്റുകൾ കെ.എഫ്.സി. നൽകുന്ന വായ്പയുടെ കാലാവധിക്കനുസരിച്ചാണ് കാലാവധി. ഇത് 6 മുതൽ 10 വർഷം വരെയാണ്.

(സി) വായ്പ തുക യഥാകാലം മടക്കി കൊടുക്കാതെ കുടിശ്ശിക വരുത്തിയിട്ടില്ല.

(ഡി) കുടിശ്ശിക വരുത്താത്തതുകൊണ്ട് ഐ.ഡി.ബി.ഐ. നടപടികൾ സ്വീകരിച്ചിട്ടില്ല. ഐ.ഡി.ബി.ഐ. യുടെ വിലയിരുത്തൽ അനുസരിച്ച് കെ. എഫ്. സി. 'ബി' ഗണത്തിലാണ് പെടുന്നത്. കൃത്യമായി വായ്പ പിരിച്ചെടുത്ത് 'എ' ഗണത്തിലേക്ക് പുരോഗമിക്കണം എന്ന് ഐ.ഡി.ബി.ഐ. നിർദ്ദേശിച്ചിട്ടുണ്ട്.

സ്പിരിറ്റ് പെർമിറ്റ് പുതുക്കി നൽകാത്തതുമൂലമുള്ള എക്സൈസ് നികുതി നഷ്ടം

21. [1800] ശ്രീ. ഒ. ഭരതൻ :
,, പിണറായി വിജയൻ :
,, ഇ. ശങ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെക്ടിഫൈഡ് സ്പിരിറ്റ് ഇറക്കുമതി ചെയ്യാനുള്ള പെർമിറ്റ് യഥാസമയം പുതുക്കി നൽകാത്തതുമൂലം എക്സൈസ് നികുതിവരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ 1993-94, 1994-95, 1995-96 എന്നീ വർഷങ്ങളിൽ ഇപ്രകാരമുണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly